**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2464** **15-10-2024 - ൽ മറുപടിയ്ക്ക്**

**വിരുപ്പാക്ക വില്ലേജ് - സഹകരണ സ്പിന്നിങ്ങ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തന സ്ഥിതി, തുറന്നു പ്രവർത്തിക്കാനുള്ള സാധ്യത എന്നിവ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 1969 ലെ സംസ്ഥാന സഹകരണ നിയമം വകുപ്പ് 65 പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയതനുസരിച്ചു പ്രസ്തുത അന്വേഷണ റിപ്പോർട്ട് ഡെപ്യൂട്ടി രജിസ്ട്രാർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തന സ്ഥിതി, തുറന്നു പ്രവർത്തിക്കാനുള്ള സാധ്യത എന്നിവ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണ റിപ്പോർട്ട് തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാർ സമർപ്പിച്ചിട്ടുണ്ട്.<br><br>ഓരോ വർഷവും പ്രവർത്തനമൂലധനമായി സർക്കാരിൽ നിന്നും ലഭിച്ചിരുന്ന ഫണ്ട് വിനിയോഗിച്ചാണ് മില്ലിന്റെ പ്രവർത്തനം മുന്നോട്ട് പോയിരുന്നത്. പ്രവർത്തനം ആരംഭിച്ചതു മുതൽ നഷ്ടത്തിൽ മാത്രം പ്രവർത്തിച്ചിട്ടുള്ളതും ഇപ്പോൾ ലേ ഓഫിലായിലിരിക്കുന്നതുമായ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് 5 കോടി രൂപ ആവശ്യമായി വരുമെന്നാണ് റിപ്പോർട്ടിൽ പരാമർശിക്കുന്നത്. പ്രസ്തുത തുക ലഭ്യമാക്കി മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം മിൽ സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാവുന്നതാണെന്നാണ് അന്വേഷണ റിപ്പോർട്ട് പ്രകാരം ലഭ്യമായ ശിപാർശ.<br><br>എന്നാൽ, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് 13/08/2024, 17/08/2024 തീയതികളിൽ ചേർന്ന സർക്കാർതല യോഗങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മില്ലിന്റെ പ്രവർത്തനങ്ങൾ മിനിമം തലത്തിൽ പുനരാരംഭിക്കുന്നതു സംബന്ധിച്ചും മില്ലിന്റെ ഭാഗമായി നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്ന 5 ഏക്കറോളം സ്ഥലം ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചും പ്രൊപ്പോസൽ സമർപ്പിക്കുവാൻ Board of Public Sector Transformation (ബി.പി.റ്റി) യോട് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ